LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾക്കുള്ള സൗജന്യ റേഷൻ

93 [256] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലവർഷവും കടൽക്ഷോഭവുംമൂലം കാസർഗോഡ് ജില്ലയിലെ തീരദേശ മേഖലകളിൽ വ്യാപകമായ തൊഴിലില്ലായ്മയും പട്ടിണിയും അനുഭവപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത മേഖലകളിലെ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

സൗജന്യ റേഷൻ നൽകിയിട്ടുണ്ട്.

മത്സ്യബന്ധന നിരോധനം

94 [257] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന നിരോധന കാലയളവ് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) ഉൾനാടൻ ജലാശയങ്ങളിൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) നിരോധിത മേഖലയ്ക്ക് പുറത്ത് നിന്ന് മത്സ്യബന്ധനം നടത്തുന്ന ബോട്ടുകൾ പാലിക്കേണ്ട പ്രത്യേക നിബന്ധനകൾ എന്തെല്ലാമെന്നറിയിക്കുമോ?

ഉത്തരം

(എ) പല മത്സ്യവർഗ്ഗങ്ങളുടേയും പ്രജനനകാലം മൺസൂൺ കാലമാണ് എന്ന ശാസ്ത്രീയ നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് മത്സ്യബന്ധന നിരോധന കാലയളവ് നിശ്ചയിച്ചിരിക്കുന്നത്.

(ബി) ഇല്ല.

(സി) ഉൾനാടൻ ജലാശയങ്ങളിൽ നിരോധനം ആവശ്യമുണ്ടെന്ന് ഇതുവരെ പഠനങ്ങളൊന്നും വ്യക്തമാക്കിയിട്ടില്ല.

(ഡി) നിരോധിത മേഖലയായ 22 കിലോമീറ്ററിന് അപ്പുറം മത്സ്യബന്ധനം നടത്തുന്നത് കേന്ദ്ര സർക്കാർ നിരോധിച്ചിരിക്കുകയാണ്. ഇക്കാരണത്താൽ ബാധകമല്ല.